**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3640. 23.06.2014 ൽ മറുപടിയ്ക്ക്.

ആറ്റിങ്ങലിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ മോട്ടോർവാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) | അനധികൃതമായ പാർക്കിംഗ് ഒഴിവാക്കുവാനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധനകൾ നടത്തി വരുന്നു. സ്വകാര്യ ബസ്സുകളുടെ അനധികൃത സ്റ്റോപ്പുകൾ ഒഴിവാക്കുന്നതിനും പരിശോധനകൾ നടത്തിവരുന്നു. |
| (ബി) | അദ്ധ്യയനവർഷാരംഭത്തിന് മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുവാൻ യോഗം വിളിച്ചു ചേർത്തിരുന്നോ എന്നറിയിക്കുമോ ; | (ബി | യോഗം വിളിച്ചിരുന്നു. |
| (സി) | എങ്കിൽ യോഗതീരുമാനങ്ങളെക്കുറിച്ച് വിശദമാക്കാമോ ? | (സി) | 1. ഠൗണിനുള്ളിൽ ബസ്സുകളുടെ അനധികൃത സ്റ്റോപ്പുകൾ ഒഴിവാക്കുവാൻ തീരുമാനിച്ചു.<br>2. മോട്ടോർ വാഹന വകുപ്പും പോലീസും പരിശോധനകൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.<br>3. സ്കൂൾ ബസ്സ് ഡ്രൈവർമാർ സ്വകാര്യ ബസ്സ് ഡ്രൈവർമാർ എന്നിവർക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചു.<br>4. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂൾബസ്സുകളുടെ പരിശോധന ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.<br>5 വൺ-വേ സംവിധാനം കർശനമായി പാലിക്കുവാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ.